"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് -പോലീസ് ജീവനക്കാര്യം- എറണാകുളം സെൻട്രൽ PS-ലെ CPO 12297 ശ്രീ.സേവ്യർ ജോജോ എൻ.ജെ മെഡിക്കൽ അവധിയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(പി) വകുപ്പ്**

സ.ഉ.(സാധാ) നം.1924/2026/HOME തീയതി,തിരുവനന്തപുരം, 03-06-2026

---

പരാമർശം:-

1. 24/08/2017-ലെ സ.ഉ(പി) നം.112/2017/ധനം
2. സംസ്ഥാന പോലീസ് മേധാവിയുടെ 24/04/2026-ലെ ഇ5-75665/2026/PHQ നം.കത്ത്

**ഉത്തരവ്**

എറണാകുളം സെൻട്രൽ PS-ലെ CPO 12297 ശ്രീ.സേവ്യർ ജോജോ എൻ.ജെ,താൻ 06/11/2025-ന് 04/09/2025-ന് ഡ്യൂട്ടി കഴിഞ്ഞ് മടങ്ങി വരുന്ന വഴി വാഹനാപകടമുണ്ടായി പരിക്കുപറ്റി ചികിത്സയിലായിരുന്ന 04/09/2025 മുതൽ 02/12/2025 വരെയുള്ള കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിക്കണമെന്നഭ്യർത്ഥിക്കുകയും, ആയത് സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീ.സേവ്യർ ജോജോ എൻ.ജെ-ക്ക് സംഭവിച്ച പരിക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഉണ്ടായതാണെന്ന് SHO,എറണാകുളം സെൻട്രൽ PS സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.കൂടാതെ ടിയാൻ പ്രസ്തുത അവധിക്ക് ശേഷം 03/12/2025-ൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ലീവ് റോൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നുമുണ്ട്.ഈ സാഹചര്യത്തിൽ എറണാകുളം സെൻട്രൽ PS-ലെ CPO 12297 ശ്രീ.സേവ്യർ ജോജോ എൻ.ജെ-ക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി സംഭവിച്ച അപകടത്തെ തുടർന്ന് ടിയാൻ മെഡിക്കൽ അവധിയിലായിരുന്ന 04/09/2025 മുതൽ 02/12/2025 വരെയുള്ള കാലയളവ് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സംഗീത ടി എസ്

ജോയിന്റ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) തിരുവനന്തപുരം

ശ്രീ.സേവ്യർ ജോജോ എൻ.ജെ CPO 12297 (സംസ്ഥാന പോലീസ് മേധാവി മുഖേന)

വിവരപൊതുജന സമ്പർക്ക(വെബ്&ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sini George

Date: 09-06-2026 16:32:59

സെക്ഷൻ ഓഫീസർ